LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരുടെ ഉപരിപഠനത്തിനായുള്ള അവധിയും സർവ്വീസും

113 (778) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽനിന്നും ഉപരിപഠനത്തിനായി അവധിയെടുത്ത് പോകുന്ന ഡോക്ടർമാർ പഠന കാലാവധിക്കുശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെയിരിക്കുന്നത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാസമയം സർവ്വീസിൽ തിരിച്ചെത്താത്തതിനാൽ ആരോഗ്യ മേഖലയിലെ ഡോക്ടർമാരുടെ ലഭ്യതക്കുറവ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി യിട്ടുണ്ടോ ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഉപരിപഠന കാലയളവിനുശേഷം കൃത്യമായി സർവ്വീസിൽ തിരിച്ചെ ത്തുന്നതിന് ആവശ്യമായ നിയമാനുസൃത നടപടികൾക്കായി ശ്രമമുണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡോക്ടർമാർ ഉപരിപഠന കാലാവധിക്കുശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെയിരിക്കുന്നത് കാരണം ഉണ്ടാകുന്ന ഡോക്ടർമാരുടെ കുറവ് എൻ.ആർ.എച്ച്.എം. മുഖേനയും അഡ്ഹോക്ക് വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ചുകൊണ്ട് പരിഹരി ക്കാറുണ്ട്.

(സി) ഉപരിപഠന കാലയളവിനുശേഷം കൃത്യമായി സർവ്വീസിൽ പ്രവേശി ക്കാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

വെളിച്ചെണ്ണയിലെ മായം ചേർക്കലിനെതിരെ നടപടി

114 (779) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പായ്ക്ക് ചെയ്ത് വിൽക്കപ്പെടുന്ന വിവിധ കമ്പനികളുടെ വെളിച്ചെണ്ണയിൽ മായം കലർന്നിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കമ്പനികളുടെ വെളിച്ചെണ്ണയിലാണ് മായം കണ്ടെത്തിയതെന്ന് കമ്പനികളുടെ പേരുൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്പനികൾക്കെതിരെ ഏതുവകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കമ്പനികളെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിശ്ചിത നിലവാരമില്ലാത്ത വെളിച്ചെണ്ണ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കമ്പനികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ഡി) നിശ്ചിത നിലവാരമില്ലാത്ത വെളിച്ചെണ്ണ വിൽക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയ കമ്പനികളുടെ വെളിച്ചെണ്ണ ഇതിനകം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രണത്തിന് പദ്ധതി

115 (780) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രണത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്നുള്ള വിവരം നൽകാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(ഡി) മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രണത്തിനായി ആലപ്പുഴ ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) അമ്പലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജുൾപ്പെടെയുള്ള ആശുപത്രികളിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly